Mathrubhumi
മാതൃഭൂമി

# നിത്യചൈതന്യയതി ജന്മശതാബ്ദി സെമിനാർ



▶ നിത്യചൈതന്യയതി ജന്മശതാബ്ദി ദേശീയ സെമിനാർ സാഹിത്യകാരൻ ഷൗക്കത്ത് ഉദ്ഘാടനം ചെയ്യുന്നു

**തിരുവനന്തപുരം** ▸ നിത്യചൈതന്യയതി ജന്മശതാബ്ദി ദേശീയ സെമിനാർ സംഘടിപ്പിച്ചു. സാഹിത്യകാരൻ ഷൗക്കത്ത് ഉദ്ഘാടനം ചെയ്തു. സ്നേഹമെന്ന ഔഷധം കൊണ്ട് മനുഷ്യമനസ്സുകളെ ചികിത്സിക്കുകയായിരുന്നു നിത്യചൈതന്യയതിയെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര സാഹിത്യ അക്കാദമി കായിക്കര ആശാൻ മെമ്മോറിയൽ അസോസിയേഷനുമായി ചേർന്നാണ് സെമിനാർ നടത്തിയത്.

സമാപനസമ്മേളനത്തിൽ എഴുത്തുകാരനായ വി.ജി. തമ്പി മുഖ്യപ്രഭാഷണം നടത്തി. സാഹിത്യ അക്കാദമി മലയാളം ഉപദേശക സമിതി അംഗങ്ങളായ ടി.കെ. സന്തോഷ്കുമാർ, സാബു കോട്ടുക്കൽ, ആശാൻ മെമ്മോറിയൽ അസോസിയേഷൻ വർക്കിങ് പ്രസിഡന്റ് ചെറുന്നിയൂർ ജയപ്രകാശ്, സെക്രട്ടറി വി.ലൈജു, ബി. ഭുവനചന്ദ്രൻ, ജയിൻ കെ. വക്കം എന്നിവർ സംസാരിച്ചു. ശിവഗിരി ശ്രീനാരായണ കോളേജ് മലയാളം വിഭാഗം അധ്യക്ഷ സ്മിതാ പ്രകാശ്, പി.കെ.സാബു, ടി. സനൽകുമാർ, കവി ശാന്തൻ എന്നിവർ നിത്യചൈതന്യ യതിയെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ചു.